അനാഥാലയങ്ങളുടെ പ്രവർത്തനം

76 (1804) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഏതെല്ലാം മാനേജ്മെന്റിന്റെ കീഴിലാണെന്നും വ്യക്തമാക്കുമോ ;

(ബി) അനാഥാലയങ്ങളുടെ ഗ്രാന്റ് ഇപ്പോൾ എത്രയാണെന്നും പ്രസ്തുത ഗ്രാന്റ് എന്ന് നിലവിൽ വന്നതാണെന്നും കാലികമായി ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) അനാഥാലയങ്ങളിൽ പഠിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ ക്ഷേമവകുപ്പ് നേരിട്ട് കലാകായികമൽസരങ്ങൾ നടത്തി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഗ്രേസ് മാർക്ക് നൽകാൻ തയ്യാറാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെകീഴിൽ അംഗീകാരമുള്ള 1655 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനാഥാലയങ്ങളുടെ ഗ്രാന്റ് 1-4-2010 മുതൽ പ്രാബല്യത്തിൽ 200 രൂപയിൽനിന്ന് 250 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) അനാഥാലയങ്ങളിൽ പഠിക്കുന്ന അന്തേവാസികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ നിയമങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാകായിക മത്സരങ്ങളിൽ സമ്മാനാർഹരാകുന്നവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നുണ്ട്. അനാഥാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സാമൂഹ്യക്ഷേമവകുപ്പ് നേരിട്ട് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും ഗ്രേസ് മാർക്ക് നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ നിയമനം

77 (1805) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗക്ഷേമ കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചത് എന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര, താൽക്കാലികക്കാരെത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ പിരിച്ചുവിട്ടു ; എത്രപേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1979-ൽ.

(ബി) 1-6-2005-ൽ 71 ജീവനക്കാരുണ്ടായിരുന്നു, അതിൽ 44 പേർ സ്ഥിരം ജീവനക്കാരും 27 പേർ താല്ക്കാലിക ജീവനക്കാരുമായിരുന്നു.

(സി) കോർപ്പറേഷന് സ്പെഷ്യൽ റൂൾസ് നിലവിലില്ല. കോർപ്പറേഷനിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുമില്ല. പത്രപരസ്യത്തിൽകൂടിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവുമാണ് ഇപ്പോൾ നിയമനം നടത്തിവരുന്നത്.

(ഡി) 3 പേരെ പിരിച്ചുവിട്ടു. 5 പേരെ പുതുതായി നിയമിച്ചു.

(ഇ) ഇല്ല.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ജി) 64

വികലാംഗരുടെ കുടിശ്ശിക ലോൺ എഴുതിത്തള്ളാൻ നടപടി

78 (1806) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്തുവർഷത്തിനുള്ളിലായി സംസ്ഥാന വികലാംഗ കോർപ്പറേഷനിൽനിന്നും എത്രപേർക്ക് ലോൺ നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇതിൽ തിരിച്ചടയ്ക്കാൻ സാധിക്കാതെ ആർ.ആർ. ആയി ഇന്നും കോർപ്പറേഷന് കടക്കാരായി എത്ര വികലാംഗർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ' ;

(സി) തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്തതിന്റെ പേരിൽ ആർ.ആർ. നടപടി നേരിട്ടുകൊണ്ടിരിക്കുന്ന വികലാംഗരെ സഹായിക്കുന്നതിനായി ഇവരുടെ ലോണുകൾ എഴുതിത്തള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly